# നീര ഉത്പാദനത്തിന് പച്ചക്കൊടി: ഗസറ്റ് വിജ്ഞാപനം ഉടൻ: മന്ത്രി കെ.ബാബു

തിരുവനന്തപുരം: കേരള സ്വീറ്റ് ടോഡി(നീര) റൂൾസ് 2014 അംഗീകരിച്ച് ഉത്തരവായതായി എക്സൈസ് മന്ത്രി കെ.ബാബു അറിയിച്ചു. കരടുവിജ്ഞാപനം ഉടൻ ഗസറ്റിൽ പ്രസിദ്ധീകരിക്കും. നീര ഉത്പാദിപ്പിക്കുന്നതിനും നീര അടിസ്ഥാനമാക്കിയുള്ള ഉൽപ്പന്നങ്ങൾ നിർമിക്കുന്നതിനും ലൈസൻസ് നൽകാനുള്ള അധികാരം അതത് എക്സൈസ് ഡിവിഷനുകളിലെ ഡെപ്യൂട്ടി കമ്മിഷണർമാർക്കായിരിക്കും. വാർഷിക ലൈസൻസ് ഫീസ് 100 രൂപയാണ്. ഏപ്രിൽ ഒന്നുമുതൽ മാർച്ച് 31 വരെ കാലയളവിൽ ഓരോ വർഷത്തേക്കാണു ലൈസൻസ് നൽകുകയെന്നും മന്ത്രി അറിയിച്ചു.